പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1067. 13.6.2013 ൽ മറുപടിക്ക്

## കോളേജുകളുടെ സ്വയംഭരണാവകാശം

**ചോദ്യം**

ശ്രീ. പി. കെ. ബഷീർ.

**മറുപടി**

ശ്രീ.പി.കെ. അബ്ദുറബ്ബ്

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് കോളേജുകൾക്ക് സ്വയംഭരണം നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

എ) ഉണ്ട്. സംസ്ഥാനത്തെ ഉന്നത നിലവാരം പുലർത്തുന്ന കോളേജുകളിൽ നിന്നും തിരഞ്ഞെടുത്ത ഏതാനും കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആദ്യ ഘട്ടത്തിൽ സർക്കാർ കോളേജുകളെയും എയ്ഡഡ് കോളേജുകളെയുമാണ് സ്വയംഭരണാവകാശം നൽകുന്നതിനായി പരിഗണിക്കുന്നത്.

ബി) കോളേജുകൾക്ക് സ്വയംഭരണാ കാശം നൽകുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിട്ടുള്ള നടപ്പു വർഷത്തെ ബഡ്ജറ്റ് വിഹിതം എത്ര;

ബി) സംസ്ഥാനത്തെ ഉന്നത നിലവാരം പുലർത്തുന്ന ആർട്സ് & സയൻസ് കോളേജുകൾക്കും എഞ്ചിനീയറിംഗ് കോളേജുകൾക്കും യുജിസി യുടെ സ്വയംഭരണ പദവി ലഭിക്കുന്നതിന് പ്രോത്സാഹനം നൽകുന്നതാണെന്ന് 2013-14 ലെ ബജറ്റ് പ്രസംഗത്തിൽ ധനകാര്യ മന്ത്രി പ്രസ്താവിക്കുകയും ഈ ലക്ഷ്യം നേടുന്നതിന് ടി സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 15 കോടി രൂപ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

സി) കോളേജുകൾക്ക് സ്വയംഭരണം നൽ കുന്ന കാര്യത്തിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ?

സി) സംസ്ഥാനത്തെ ഉന്നത നിലവാരം പുലർത്തുന്ന സർക്കാർ, എയ്ഡഡ് കോളേജുകളിൽ നിന്നും സ്വയംഭരണത്തിനായുള്ള കോളേജുകൾ തിരഞ്ഞെടുക്കുന്നതിന് വിദ്യാഭ്യാസ മന്ത്രി ചെയർമാനായ സ്വയംഭരണ അംഗീകാര സമിതിയും സ്വയംഭരണാവകാശത്തെക്കുറിച്ച് വിവിധ സർവ്വകലാശാലകളുടെ നിയമങ്ങളിൽ ഒരു പ്രത്യേക അദ്ധ്യായം ഉൾപ്പെടുത്തുന്നതിനായി രൂപരേഖ തയ്യാറാക്കുന്നതിന് നിയമവകുപ്പ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ ഉൾപ്പെട്ട രണ്ടംഗ സമിതിയും രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.